**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3127 23/03/2015-ൽ മറുപടിയ്ക്ക്

## വിളയിതര പച്ചക്കറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** | |
| എ) | കേരളത്തിലെ വീട്ടുവളപ്പുകൾ വിളയിതര പച്ചക്കറികളുടെ കലവറയാണെന്ന ശാസ്ത്രീയ പഠനം ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പച്ചക്കറികളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | എ) | കേരളത്തിലെ വീട്ടുവളപ്പുകളിൽ നാടൻ പച്ചക്കറികൾ ഉൾപ്പെടെ വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്തു വരുന്നുണ്ട്. ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറികളിലെ നാടൻ ഇനങ്ങൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷം 25 പ്രദർശനത്തോട്ടങ്ങൾ ഒരുക്കിയിരുന്നു . 2013-14 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലും മേന്മയേറിയ നാടൻ ഇനങ്ങളുടെ 20 പ്രദർശനത്തോട്ടങ്ങൾ ഒരുക്കുകയും മികച്ച ഇനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. നിത്യവഴുതിന, പട്ടുചീര, നാടൻ പയർ എന്നീ പച്ചക്കറി ഇനങ്ങളുടെ വിത്തുകൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**